# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2208

05/05/2017 - ൽ മറുപടിക്ക്

### കൊരട്ടി ഇ.എസ്.ഐ. ആശുപത്രിക്ക് പുതിയ കെട്ടിടം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കൊരട്ടി ഇ.എസ്.ഐ. ആശുപത്രിയുടെ സ്വന്തമായുള്ള സ്ഥലത്ത് പുതിയ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കൊരട്ടിയിൽ ഇ.എസ്.ഐ ഡിസ്പെൻസറിയാണുള്ളത്. പുതിയ ഡിസ്പെൻസറി നിർമ്മിക്കുന്നതിനായി കെട്ടിടത്തിന് തറക്കല്ലിടുക മാത്രമേ ചെയ്തിട്ടുള്ളൂ. |
| (ബി) | പ്രസ്തുത കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | (ബി) & (സി) | കൺസ്ട്രക്ഷൻ ഏജൻസിയുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലയും മേൽനോട്ടവും വഹിക്കുന്നത് ഇ.എസ്.ഐ കോർപ്പറേഷന്റെ കേന്ദ്ര ഓഫീസാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ആരംഭിക്കണം എന്ന് അഭ്യർത്ഥിച്ച് 16.02.2017 ന് ഇ.എസ്.ഐ കോർപ്പറേഷൻ ഡയറക്ടർ ജനറലിന് സർക്കാരിൽ നിന്നും കത്തയച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി ഉടൻ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ